## പാഠം 9 മേയ് 20-26

# നിങ്ങൾ ആരായിരിക്കുന്നുവോ അതായിരിക്കുക

**ശബ്ബത്ത് സായാഹ്നം മേയ് 20**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: 2 പത്രൊസ് 1:1-15; എഫെസ്യർ 2:8; റോമർ 5:3 -5; എബ്രായർ 10:38; റോമർ 6:11; 1 കൊരിന്ത്യർ 15:12-57.**

**മനഃപാഠവാക്യം: "അതു നിമിത്തം തന്നെ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോട് ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദര പ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ" (2 പത്രൊസ് 1:5-7).**

പുതിയനിയമത്തെക്കുറിച്ചുള്ള ആശ്ചര്യകരമായ ഒരു കാര്യം ഇത്രയും ചെറിയ സ്ഥലത്തിനുള്ളിൽ എത്രയധികം സത്യം"കുത്തിത്തിരുകാം"എന്നുള്ളതാണ്. ഈ ആഴ്ചയിലെ 2 പത്രൊസ് 1:1-14 എടുക്കുക. ഈ 14 വാക്യങ്ങളിൽ പത്രൊസ് നമ്മെ വിശ്വാസത്താലുള്ള നീതികരണത്തെക്കുറിച്ച് പഠിപ്പിക്കുന്നു.

പിന്നീട് അവൻ അവരെത്തന്നെ യേശുവിനു കൊടുത്തവരുടെ ജീവിതങ്ങളിൽ ദൈവശക്തിക്ക് എന്തു ചെയ്യുവാൻ കഴിയും എന്നതിലേക്കു കടക്കുന്നു. നമുക്കു ദിവ്യ സ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു"(2 പത്രൊസ് 1:4) എന്ന് അതിശയകരമായ സത്യത്തെക്കുറിച്ചു സംസാരിക്കുന്നു. നമുക്ക് ലോകത്തിന്റെ ദുർമോഹത്തിൽ നിന്നും അഴിമതിയിൽനിന്നും സ്വതന്ത്രമാകാം.

വാസ്തവത്തിൽ നമുക്കു ക്രിസ്തീയ ഗുണങ്ങളുടെ ഒരു പട്ടിക ലഭിക്കുക മാത്രമല്ല, പിന്നെയോ പത്രൊസ് അതിനെ ഒരു പ്രത്യേക രീതിയിൽ അടുക്കുന്നു. ഒന്നിനു പുറകെ മറ്റൊന്ന്, അതിനെ തുടർന്ന് വേറൊന്ന്, അങ്ങനെ തുടർന്ന് ഒടുവിൽ ഏറ്റവും പ്രധാനമായതിലേക്ക് എത്തിച്ചേരുന്നു. നമ്മുടെ പഴയ പാപങ്ങളിൽനിന്നും "ശുദ്ധമാക്കപ്പെടുകയും" ക്രിസ്തുവിലായിരിക്കുകയും ചെയ്യുക എന്നാൽ യഥാർത്ഥത്തിൽ എന്താണ് എന്നതിനെക്കുറിച്ചും അവൻ എഴുതുന്നു (2 പത്രൊസ് 1:9), രക്ഷയുടെ ഉറപ്പിനെക്കുറിച്ചും, കർത്താവിന്റെ "നിത്യരാജ്യത്തിൽ" നിത്യജീവന്റെ വാഗ്ദാനത്തെക്കുറിച്ചും അവൻ എഴുതുന്നു. (2 പത്രൊസ് 1:1).

ഒടുവിലായി, മരണത്തിലെ അവസ്ഥ എന്ന സുപ്രധാന വിഷയത്തെക്കുറിച്ചും നമുക്ക് ഒരു പ്രഭാഷണം ലഭിക്കുന്നു. എത്രയധികം ആഴത്തിലുള്ളതും സമ്പന്നവുമായ സത്യങ്ങൾ വെറും 14 വാക്യങ്ങളിൽ.

**ഞായർ മേയ് 21**

### ഒരു വിലയേറിയ വിശ്വാസം

**2 പത്രൊസ് 1:1-4 വായിക്കുക. യേശുക്രിസ്തുവിൽ നമുക്ക് എന്തു നൽകപ്പെട്ടിരിക്കുന്നു എന്നാണ് പത്രൊസ് പറയുന്നത്? അതായത്, ഇവിടെ എങ്ങനെയാണ് കൃപയുടെ യാഥാർത്ഥ്യം കാണപ്പെടുന്നത്?**

പത്രൊാസ് ഈ കത്ത് തുടങ്ങുന്നത് അത് സംബോധന ചെയ്യുന്നത് “അതേ വിലയേറിയ വിശ്വാസം ലഭിച്ചവർക്കു എഴുതുന്നത്” (2 പത്രൊാസ് 1:1) എന്നാണ്, അല്ലെങ്കിൽ “ഞങ്ങളുടേതുമായി ഒരേ നിലയിലുള്ള വിശ്വാസം;” അവർ അതിന് അർഹാരാണെന്നോ നേടിയെന്നോ അല്ല പിന്നെയോ ദൈവത്തിൽനിന്നും ഒരു ദാന മായി ലഭിച്ചിരിക്കുന്നു. അല്ലെങ്കിൽ പൗലൊസ് എഴുതിയിട്ടുള്ളതുപോലെ,'' കൃപയാ ലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു” (എഫെസ്യർ 2:8). അത് വിലയേറി യതാണു കാരണം “വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്ന തല്ല” (എബ്രായർ 11:6) ഇത് വിലയേറിയതാകാൻ കാരണം ഈ വിശ്വാസത്താൽ നമുക്ക് അനേകം അതിശയകരമായ വാഗ്ദാനങ്ങൾ സ്വന്തമാകുന്നു.

യേശുവിന്റെ “ദിവ്യശക്തി” ദൈവികത്വവും ജീവനും സംബന്ധിക്കുന്ന സകലവും നമുക്കു നൽകിയിരിക്കുന്നു (2 പത്രൊാസ് 1:3). ദൈവത്തിന്റെ ശക്തിമൂലമാണ് നാം നിലനിൽക്കുന്നതുപോലും, അവന്റെ ശക്തിയിലൂടെ മാത്രമേ നമുക്കു വിശുദ്ധി കൈ വരിക്കാനാകൂ. ഈ ദിവ്യ ശക്തിയാകട്ടെ നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. “തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്തിലാണ്” (2 പത്രൊാസ് 1:3; യോഹന്നാൻ 17:3-ഉം കാണുക).

നാം വിളിക്കപ്പെട്ടിരിക്കുന്നത് ദൈവത്തെ സ്നേഹിക്കാനാണ്, എന്നാൽ നമുക്കറി യാത്ത ഒരു ദൈവത്തെ നമുക്കെങ്ങനെ സ്നേഹിക്കാനാകും? അനുസരണത്തിന്റെയും വിശ്വാസത്തിന്റെയും ഒരു ജീവിതം ജീവിക്കുന്നതിന്റെ അനുഭവത്തിലൂടെയും, സൃഷ് ടിക്കപ്പെട്ട ലോകത്തിലൂടെയും, വചനത്തിലൂടെയും, യേശുവിലൂടെയുമാണ് നാം ദൈവത്തെ അറിയുന്നത്. നാം ദൈവത്തെയും അവന്റെ യാഥാർത്ഥ്യത്തെയും അറിയുന്നത് അവൻ നമ്മുടെ ജീവിതങ്ങളിൽ ചെയ്യുന്നത് അനുഭവിക്കുമ്പോഴാണ്, നമ്മെ മാറ്റുന്ന ഒരു അറിവ്. അവൻ നമുക്കുമേൽ ചൊരിയുന്ന കൃപയുടെ യാഥാർത്ഥ്യ ത്തിലൂടെ നാം അവനെ അറിയുന്നുണ്ട്.

പത്രൊാസ് പിന്നീട് കൂടുതൽ അവിശ്വസനീയമായ എന്തോ ഒന്ന് പറയുന്നു: നമുക്ക് “വലിയതും വിലയേറിയതുമായ” വാഗ്ദത്തങ്ങൾ നല്കപ്പെട്ടിട്ടുണ്ട്, ഇതിൽ “ദിവ്യസ്വഭാവത്തിന്റെ”പങ്കാളികളാകുന്നതിനും ഉൾപ്പെട്ടിരിക്കുന്നു (2 പത്രൊാസ് 1:4). ആദിയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവത്തിന്റെ സാദൃശ്യത്തിലാണ; ആ സാദൃശ്യം വലിയ രീതിയിൽ മോശമാകുകയും തരം താഴ്ത്തപ്പെടുകയും ചെയ്തു. നാം വീണ്ടും ജനിക്കുമ്പോൾ, നമുക്ക് യേശുവിൽ ഒരു പുതിയ ജീവിതം ഉണ്ട്. അവൻ തന്റെ ദിവ്യസ്വരൂപം നമ്മിൽ പുനഃസ്ഥാപിക്കാനായി പ്രവർത്തിക്കുന്നു. എന്നാൽ ഈ മാറ്റം നമ്മിൽ സംഭവിക്കണമെങ്കിൽ, നാം ലോകത്തിന്റെ ഭോഗേച്ഛയും അഴിമതിയും വിട്ടോടണം.

**നിങ്ങൾക്ക് വിശ്വാസം ഇല്ലായെങ്കിൽ നിങ്ങളുടെ ജീവിതം എങ്ങനെയായി രിക്കും? വിശ്വാസത്തിന്റെ ദാനം തികച്ചും വിലപ്പെട്ടതാണ് എന്ന് മനസ്സിലാക്കു വാൻ ഈ ഉത്തരം നമ്മെ എങ്ങനെ സഹായിക്കും?**

## ക്രിസ്തീയ നന്മയുടെ ലക്ഷ്യം, സ്നേഹം

**2 പത്രൊസ് 1:5–7; റോമർ 5:3–5; യാക്കോബ് 1:3,4; ഗലാത്യർ 5:22,23 വായിക്കുക.**

**എന്ത് സമാനമായ കേന്ദ്ര ആശയമാണ് ഈ വാക്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്?**

പുരാതന ലോകത്തിലെ തത്വചിന്തകന്മാർക്കിടയിൽ നന്മകളുടെ പട്ടിക തയ്യാറാക്കുന്നത് സാധാരണയായിരുന്നു. അപ്രകാരമുള്ള പട്ടികകളെ "നന്മകളുടെ വിവരപട്ടിക" എന്ന് മിക്കപ്പോഴും വിളിച്ചിരുന്നു. പുതിയനിയമത്തിൽ അവയുടെ നിരവധി ഉദാഹരണങ്ങളുണ്ട് (റോമർ 5:3–5; യാക്കോബ് 1:3,4; ഗലാത്യർ 5:22,23). പത്രൊസിന്റെ വായനക്കാർ അത്തരം വിവരപട്ടികകളുമായി പരിചിതരായിരുന്നതിന് സാധ്യത കൂടുതലാണ്, എന്നിരുന്നാലും പത്രൊസ് ഉണ്ടാക്കിയ പട്ടികയും തത്വചിന്തകന്മാർ ഉണ്ടാക്കുന്ന പട്ടികകളും തമ്മിൽ രസകരമായ വ്യത്യാസങ്ങളുണ്ടായിരുന്നു. ഒരു പ്രത്യേക അടുക്കിൽ മനഃപൂർവമായാണ് പത്രൊസ് ഇത് ക്രമീകരിച്ചിരിക്കുന്നത്. അതിനാൽ ഓരോ നന്മയും അതിനു തൊട്ടുമുമ്പുള്ള നന്മയുമായി ബന്ധപ്പെട്ടിരിക്കുന്നു, സ്നേഹത്തിൻ അതിന്റെ പാരമ്യം എത്തുന്നതുവരെ!

പത്രൊസ് ഉപയോഗിക്കുന്ന ഓരോ നന്മയ്ക്കും സുപ്രധാനമായ അർത്ഥമുണ്ട്:

**വിശ്വാസം:** ഈ പശ്ചാത്തലത്തിൽ, വിശ്വാസം, യേശുവിലുള്ള ഒരു രക്ഷാകരമായ വിശ്വാസമല്ലാതെ മറ്റൊന്നുമല്ല (ഗലാത്യർ 3:11; എബ്രായർ 10:38 കാണുക).

**നന്മ:** നന്മ (ഗ്രീക്കിൽ arete അറേട്ടേ), ഏതു തരത്തിലുമുള്ള ഒരു നല്ല ഗുണം, വിഗ്രഹാരാധികളായ തത്വചിന്തകന്മാർക്കിടയിൽ പോലും ഇത് വിളിച്ചറിയിക്കപ്പെട്ടിരുന്നു. അതേ, വിശ്വാസം പ്രധാനമാണ്, എന്നാൽ അത് ഒരു മാറ്റമുള്ള ജീവിതത്തിലേക്ക് നയിക്കണം, നന്മ പ്രകടിപ്പിക്കുന്ന ഒന്ന്.

**ജ്ഞാനം:** പത്രൊസ് നിശ്ചയമായും പൊതുവിലുള്ള ജ്ഞാനത്തെക്കുറിച്ചല്ല സംസാരിക്കുന്നത് പിന്നെയോ യേശുക്രിസ്തുവുമായുള്ള ഒരു രക്ഷാകരമായ ബന്ധത്തിൽ നിന്നുണ്ടാകുന്ന ജ്ഞാനം.

**വർജനം/ആത്മനിയന്ത്രണം:** പക്വതയാർജിച്ച ക്രിസ്ത്യാനികൾക്ക് അവരുടെ ഉൾപ്രേരണകളെ നിയന്ത്രിക്കാൻ കഴിയും, പ്രത്യേകിച്ച് ബാഹുല്യത്തിലേക്ക് നയിക്കുന്ന ഉൾപ്രേരണകൾ.

**സഹിഷ്ണുത/ദൃഢചിത്തത (ഉറച്ച മനസ്സ്):** ദൃഢചിത്തത എന്നത് സഹനമാണ്, പ്രത്യേകിച്ച് പരിശോധനകളുടെയും പീഡനത്തിന്റെയും മുൻപിൽ.

**ദൈവികതത്വം:** വിഗ്രഹാരാധികളുടെ ലോകത്ത്, ദൈവികതത്വം എന്ന് തർജമ ചെയ്തിരിക്കുന്ന വാക്കിന്റെ അർത്ഥം ഒരു ദേവനിലുള്ള വിശ്വാസത്തിന്റെ ഫലമായുണ്ടാകുന്ന സദാചാരപരമായ പെരുമാറ്റം. പുതിയനിയമത്തിലും സദാചാരപരമായ പെരുമാറ്റം എന്ന സങ്കല്പമുണ്ട്. ഒരേ സത്യദൈവത്തിലുള്ള വിശ്വാസത്താൽ ഉണ്ടാകുന്നത് (1 തിമൊഥെയൊസ് 2:2).

**സഹോദര അനുകമ്പ:** ക്രിസ്ത്യാനികൾ ഒരു കുടുംബം പോലെയാണ്; ജനങ്ങൾ അന്യോന്യം അനുകമ്പയുള്ള ഒരു സമൂഹത്തിലേക്ക് ദൈവികതത്വം നയിക്കും.

**സ്നേഹം:** പത്രൊാസ് ആ പട്ടികയെ പാരമ്യത്തിലെത്തിക്കുന്നത് സ്നേഹത്തിലാണ്. അവൻ പൗലൊസിനെപ്പോലെയും തോന്നുന്നു: "ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നെ" (1 കൊരിന്ത്യർ 13:13).

**പത്രൊാസ് നന്മയുടെ പട്ടിക ഉണ്ടാക്കുന്നതിനു മുൻപ്, ഈ നന്മകൾ പ്രാപിക്കാനുള്ള "സകല ഉത്സാഹവും" (2 പത്രൊാസ് 1:5) നാമെടുക്കണം എന്ന് അവൻ പറയുന്നു. അതുകൊണ്ട് അവൻ അർത്ഥമാക്കുന്നതെന്താണ്? വിശ്വസ്തമായ ദൈവിക ജീവിതങ്ങൾ നയിക്കാനുള്ള നമ്മുടെ ആഗ്രഹത്തിൽ മനുഷ്യശ്രമം എന്തു പങ്ക് വഹിക്കുന്നു.**

**ചൊവ്വ** **മേയ് 23**

## നിങ്ങൾ ആയിരിക്കുന്നത് ആയിരിക്കുക

ക്രിസ്ത്യാനികളെന്ന നിലയ്ക്ക് നാം ശ്രദ്ധയോടും സൂക്ഷ്മതയോടും എന്തു ചെയ്യണമെന്നുള്ള പട്ടിക നല്കിയശേഷം, അതിന്റെ ഫലം എന്തായിരിക്കുമെന്ന് പത്രൊാസ് പ്രഖ്യാപിക്കുന്നു.

**2 പത്രൊാസ് 1:8-11 വായിക്കുക. ഒരു ക്രിസ്ത്യാനിക്കുവേണ്ടി നേരത്തെ തന്നെ ചെയ്തിട്ടുള്ളതും എങ്ങനെയാണ് ഒരു ക്രിസ്ത്യാനി ജീവിക്കേണ്ടത് എന്നും തമ്മിലുള്ള ബന്ധമെന്താണ്?**

യേശുവിൽ അവർക്ക് സത്യമായിരിക്കുന്ന പുതിയ യാഥാർത്ഥ്യ പ്രകാരം ജീവിക്കാൻ പത്രൊാസ് അവന്റെ വായനക്കാരെ ആഹ്വാനം ചെയ്യുന്നു. വിശ്വാസം, നന്മ, ജ്ഞാനം, ആത്മനിയന്ത്രണം, ഉറച്ച മനസ്സ്, ദൈവികത്വം, സഹോദരസ്നേഹം, സ്നേഹം എന്നീ സവിശേഷഗുണങ്ങൾ "നിങ്ങൾക്കുവേണ്ടി വർദ്ധിക്കുന്നു" (2 പത്രൊാസ് 1:8).

പ്രശ്നം എന്തെന്നാൽ എല്ലാ ക്രിസ്ത്യാനികളും ഈ പുതിയ യാഥാർത്ഥ്യമനുസരിച്ച് ജീവിക്കുന്നില്ല എന്നതാണ്. ചിലർ നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ജ്ഞാനത്തിൽ കാര്യക്ഷമമല്ലാത്തവരും ഫലമില്ലാത്തവരുമാണ് (2 പത്രൊാസ് 1:8). അവൻ "പഴയ പാപങ്ങളിൽ" (2 പത്രൊാസ് 1:9) നിന്നും ശുദ്ധമാക്കപ്പെട്ടിരുന്നു എന്നത് അത്തരമാളുകൾ മറന്നുപോയിട്ടുണ്ട്. അതിനാൽ, പത്രൊാസ് പറയുന്നു: യേശുവിൽ അവർക്ക് സത്യമായുള്ള യാഥാർത്ഥ്യം ക്രിസ്ത്യാനികൾ ജീവിച്ചുതീർക്കണം. ക്രിസ്തുവിൽ, അവർക്കു ക്ഷമ, ശുദ്ധീകരണം, ദിവ്യസ്വഭാവത്തിൽ പങ്കാളിയാകാനുള്ള അവസരം എന്നിവ ലഭിച്ചിട്ടുണ്ട്. അതിനാൽ അവർ "വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ" (2 പത്രൊാസ് 1:10). അവർ മുൻപു ജീവിച്ചതുപോലെ, ജീവിക്കുന്നതിന് യാതൊരു ഒഴികഴിവും ഇല്ല, "ശൂന്യമായതും" "ഫലമില്ലാത്തതുമായ" ക്രിസ്ത്യാനികൾ ആയിരിക്കുന്നതിൽ ഒഴികഴിവില്ല. നാം വിശ്വാസത്തെക്കുറിച്ച് വളരെയധികം കേൾക്കുന്നു, എന്നാൽ നമുക്ക് വളരെ കൂടുതലായി കേൾക്കേണ്ടത് പ്രവർത്തികളെക്കുറിച്ചാണ്, അനേകരും ക്രൂശില്ലാത്ത, ഏതുമായി ഒത്തുപോകുന്ന, സുഖപ്രിയമായ ജീവിതങ്ങൾ നയിച്ചുകൊണ്ട് അവരുടെ സ്വന്തം ആത്മാക്കളെ വഞ്ചിക്കുകയാണ്." EGW, Faith and Work, p. 50.

റോമർ 6:11 വായിക്കുക. ഇന്നത്തേക്കുള്ള വാക്യങ്ങളിൽ പത്രൊസ് എഴുതിയ എന്താണ് പൗലൊസ് ഇവിടെ പറയുന്നതിൽ പ്രതിഫലിക്കുന്നത്?

ഒരർത്ഥത്തിൽ, പത്രൊസും പൗലൊസും പറയുന്നത്: "നിങ്ങൾ ആയിരിക്കുന്നത് ആയിരിക്കുക" എന്നാണ്. നാം ക്രിസ്തുവിൽ പുതിയ സൃഷ്ടികളാണ്; പാപത്തിൽ നിന്ന് ശുദ്ധമാക്കപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായവർ. അതിനാലാണ് നാം വിളിക്കപ്പെട്ടതരത്തിലുള്ള ജീവിതം നമുക്ക് ജീവിക്കാൻ കഴിയുന്നത്. നാം ക്രിസ്തുവിനെപ്പോലെ ആയിരിക്കേണ്ടതാണ്; അതാണ് ക്രിസ്ത്യാനിയുടെ അർത്ഥവും.

**ബുധൻ** **മേയ് 24**

**കൂടാരം പൊളിക്കുന്നു**

**"നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്ക് അറിവു തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞിരിക്കയാൽ ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്നു വിചാരിക്കുന്നു" (2 പത്രൊസ് 1:13,14).**

1956 ൽ ഓസ്കാർ കൾമാൻ "ആത്മാവിന്റെ അമർത്യതയോ അതോ മരിച്ചവരുടെ പുനരുത്ഥാനമോ? എന്ന ഒരു ചെറുകഥ എഴുതി. ഇത് പുതിയനിയമത്തിന് ഒരു സാക്ഷ്യമായിരുന്നു. അമർത്യ ആത്മാവ് എന്ന ആശയം പുനരുത്ഥാനവുമായി തീരെ ഒത്തുപോകുന്നില്ലെന്ന് അദ്ദേഹം വാദിച്ചു; മരിച്ചവരുടെ പുനരുത്ഥാന വിഷയത്തിൽ പുതിയനിയമം പച്ചക്കള്ളം പറയുകയാണെന്നുകൂടി അദ്ദേഹം പറഞ്ഞു.

"എന്റെ മറ്റൊരു പ്രസിദ്ധീകരണവും" അദ്ദേഹം പിന്നീടെഴുതി. "ഇത്രയധികം ശത്രുതയും ഇത്രയധികം ഉത്സാഹവും ഉണർത്തിയിട്ടില്ല" **1 കൊരിന്ത്യർ 15:12-57 വായിക്കുക. മരണത്തിൽ എന്തു സംഭവിക്കുന്നുവെന്നാണ് പൗലൊസ് സൂചിപ്പിക്കുന്നത്?**

മരണത്തെയും പുനരുത്ഥാനത്തെയും കുറിച്ച് പുതിയനിയമം പറയുന്നതിനെക്കുറിച്ചുള്ള പഠനം മിക്ക പുതിയനിയമ പണ്ഡിതന്മാരെയും കൾമാൻ പറഞ്ഞത് ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. പുതിയനിയമം പുനരുത്ഥാനം എന്ന ആശയമാണ് അനുമാനിക്കുന്നത്, ശരീരം മരണപ്പെടുമ്പോൾ അതിനെ അതിജീവിക്കുന്ന ഒരു അമർത്യ ആത്മാവ് എന്ന ആശയമല്ല. ഉദാഹരണത്തിന് 1 തെസ്സലൊനീക്യർ 4:16-18 ൽ മരണത്തിലൂടെ സ്നേഹഭാജനങ്ങളെ നഷ്ടപ്പെട്ടവരോട് ആശ്വസിക്കുവാനും യേശു വരുമ്പോൾ അവൻ മരിച്ചവരെ ഉയിർപ്പിക്കുമെന്നും, പൗലൊസ് ആഹ്വാനം ചെയ്യുന്നു. 1 കൊരിന്ത്യർ 15:12-57ൽ, പൗലൊസ് ഒരു ദീർഘമായ വിവരണം പുനരുത്ഥാനത്തെക്കുറിച്ച് നല്കുന്നു. യേശു ഉയിർത്തില്ലായിരുന്നുവെങ്കിൽ അവനിലുള്ള ഏതൊരു വിശ്വാസവും നിഷ്ഫലമാണ്. എന്നാൽ പൗലൊസ് പറയുന്നു: ഉറങ്ങിപ്പോയവരിൽ നിന്നുള്ള ആദ്യഫലമായി, യേശു നിശ്ചയമായും മരിച്ചവരിൽ നിന്നും ഉയിർത്തു. അങ്ങനെ മരിച്ചവരിൽ നിന്നുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനം അവനിലുള്ള ഏവർക്കും ഉയിർക്കുവാൻ സാദ്ധ്യത നല്കുന്നു.

പുനരുത്ഥാനം ചെയ്ത ശരീരത്തെപ്പറ്റി 1 കൊരിന്ത്യർ 15:35-50 ൽ പൗലൊസ് സംസാരിക്കുന്നു. പുനരുത്ഥാനത്തിൽ നമുക്കു ലഭിക്കുന്ന ശരീരങ്ങളെ നമ്മുടെ ഇപ്പോഴുള്ള ശരീരങ്ങളുമായി അവൻ താരതമ്യപ്പെടുത്തി വ്യത്യാസം കാണിക്കുന്നു. നമുക്ക് ഇപ്പോഴുള്ളത് മരിക്കും; നമുക്കു പുനരുത്ഥാനത്തിലുണ്ടാകുന്നത് ഒരിക്കലുമില്ല. ചുരുക്കത്തിൽ, മരണത്തെക്കുറിച്ച് പുതിയനിയമം സംസാരിക്കുമ്പോൾ, അത് ചെയ്യുന്നത് പുനരുത്ഥാനവുമായി ബന്ധപ്പെടുത്തിയാണ്. ആത്മാവിന്റെ അമർത്യതയല്ല. ഇത് 2 പത്രൊസ് 1:12-14 വായിക്കുന്നതിന്റെ ഒരു പശ്ചാത്തലമായി അറിയുന്നത് പ്രധാനമാണ്.

**വ്യാഴം** **മേയ് 25**

## മരണത്തിനു മുന്നിൽ വിശ്വാസം

**2 പത്രൊസ് 1:12-15 വായിക്കുക. അവൻ വേഗത്തിൽ അവന്റെ കൂടാരം പൊളിക്കാൻ പോകയാണ് എന്ന് പത്രൊസ് പറയുമ്പോൾ അവൻ എന്താണ് ഉദ്ദേശിക്കുന്നത്?**

2 പത്രൊസ് 1:12-14 എഴുത്ത് എഴുതുന്ന സന്ദർഭം വെളിവാക്കുന്നു. അവൻ മരിക്കാൻ പോകുകയാണെന്ന് പത്രൊസ് കരുതുന്നു, ആ എഴുത്തിലാകട്ടെ അവന്റെ അന്ത്യസന്ദേശം അല്ലെങ്കിൽ പ്രസ്താവന.

പത്രൊസ് വേഗത്തിൽ മരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി “ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം” എന്ന പദശകലം വെളിവാക്കുന്നു, അത് കാണപ്പെടുന്നത് 2 പത്രൊസ് 1:13,14 ലാണ്. പത്രൊസ് അവന്റെ ശരീരം ഒരു കൂടാരത്തോട് (സമാഗമനകൂടാരം) സാമ്യപ്പെടുത്തുന്നു. അവൻ മരിക്കുമ്പോൾ അത് ഉപേക്ഷിക്കും. വാസ്തവത്തിൽ, അവന്റെ കൂടാരം പൊളിക്കും എന്ന് പറയുമ്പോൾ പത്രൊസ് അവന്റെ ശരീരത്തെയാണ് ഉദ്ദേശിക്കുന്നത് എന്ന് വളരെ വ്യക്തമാണ്. അതുകൊണ്ടു തന്നെ ആധുനിക പരിഭാഷകർ ഈ പദശകലത്തെ “ഞാൻ ഈ ശരീരത്തിൽ ആയിരിക്കുന്നിടത്തോളം... എന്റെ മരണം വേഗത്തിൽ വരുമെന്ന് എനിക്ക് അറിയാവുന്നതുകൊണ്ട്” (2 പത്രൊസ് 1:13,14) എന്ന് പരിഭാഷപ്പെടുത്തുന്നു. പത്രൊസ് അവന്റെ കൂടാരം അല്ലെങ്കിൽ ശരീരം പൊളിക്കുമ്പോൾ, അവന്റെ ആത്മാവ് ഒരു പ്രത്യേക സത്തയായി നിലകൊള്ളും എന്ന യാതൊരു സൂചനയും പത്രൊസിന്റെ ഭാഷയിലില്ല.

**2 പത്രൊസ് 1:12-15 വീണ്ടും വായിക്കുക. അവന്റെ ആസന്നമായ മരണം എന്ന യാഥാർത്ഥ്യത്തെ പത്രൊസ് എങ്ങനെ കൈകാര്യം ചെയ്തതായി കാണപ്പെടുന്നു. വിശ്വാസത്തെക്കുറിച്ച് ആ മനോഭാവം നമ്മെ എന്തു പഠിപ്പിക്കുന്നു?**

2 പത്രൊസ് 1:12-15: പത്രൊസിന്റെ വാക്കുകൾക്ക് കൂടുതൽ പവിത്രത നല്കുന്നു. അവൻ ഇത് എഴുതുന്നത് അവന്റെ ജീവിതം വേഗത്തിൽ അവസാനിക്കും എന്ന അറിവോടെയാണ്. അവന് ഇത് അറിയാവുന്നതിനു കാരണം അവൻ പറഞ്ഞതുപോലെ, “കർത്താവായ യേശുക്രിസ്തു എനിക്കു അറിവു തന്നതുപോലെ.” എന്നിട്ടു കൂടി യാതൊരു ഭയവും ഉള്ളതായി തോന്നുന്നില്ല. ഒരു വിഷമവുമില്ല, ഒരു അനിഷ്ട

സൂചനയും ഇല്ല. പകരം, അവന്റെ ഊന്നൽ അവൻ വിട്ടിട്ട് പോകുന്നവരുടെ നന്മയാണ്. അവർക്കു "ലഭിച്ച സത്യത്തിൽ" അവർ ഉറച്ചു നില്ക്കണമെന്ന് അവനാഗ്രഹിക്കുന്നു. അവൻ ജീവനോടിരിക്കുന്നിടത്തോളം അവർ വിശ്വസ്തരായി നില കൊള്ളുവാൻ അവൻ അവരെ ഉപദേശിക്കാൻ പോകയാണ്.

കർത്താവുമായുള്ള പത്രൊസിന്റെ അനുഭവത്തിന്റെ ആഴവും യാഥാർത്ഥ്യവും നമുക്കിവിടെ കാണാം. അതേ, അവൻ വേഗത്തിൽ മരിക്കാൻ പോകുകയാണ്. അത്ര സുഖമുള്ള മരണവുമല്ല; (യോഹന്നാൻ 21:18 കാണുക; EGW, The Acts of the Apostles, pp. 537, 538). എന്നാൽ അവന്റെ നിസ്വാർത്ഥമായ കരുതൽ മറ്റുള്ളവരുടെ നന്മയെ ഓർത്താണ്. സത്യമായും, അവൻ പഠിപ്പിച്ച സത്യം ജീവിച്ചു തീർത്ത ഒരു മനുഷ്യനായിരുന്നു പത്രൊസ്.

**മരണമെന്ന ഭയാനകമായ യാഥാർത്ഥ്യം കൈകാര്യം ചെയ്യാൻ നമ്മുടെ വിശ്വാസം നമ്മെ എങ്ങനെ സഹായിക്കും? യേശു നമുക്കുവേണ്ടി എന്തുചെയ്തു എന്ന കാരണത്താൽ; മരണത്തിന്റെ മുൻപിൽ പോലും, ആ അതിശയകരമായ പ്രത്യാശയോടു പറ്റിച്ചേർന്നിരിക്കാൻ പഠിപ്പിക്കുന്നതിന് നമുക്ക് എങ്ങനെ കഴിയും?**

**വെള്ളി** **മേയ് 26**

**കൂടുതൽ ചിന്ത:** നാം കണ്ടതുപോലെ, അവൻ വേഗത്തിൽ മരിക്കാൻ പോകുകയാണെന്ന് പത്രൊസിനറിയാമായിരുന്നു. അവൻ എങ്ങനെ മരിക്കാൻ പോകുന്നതെന്നും (ദീർഘനാളുകളായി) അവനറിയാമായിരുന്നു. അതിനു കാരണം യേശു സ്വയം അവനോട് പറഞ്ഞതായിരുന്നു. "ആമേൻ ആമേൻ, ഞാൻ നിന്നോടു പറയുന്നു; നീ യൗവനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അരകെട്ടി ഇഷ്ടമുള്ളേടത്തു നടന്നു; വയസ്സനായശേഷമോ നീ കൈനീട്ടുകയും മറ്റൊരുത്തൻ നിന്റെ അര കെട്ടി നിനക്കു ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും എന്നു പറഞ്ഞു" (യോഹന്നാൻ 21:18).

**അവന്റെ അന്ത്യം എന്തായിരുന്നു?**

പത്രൊസ് ഒരു യെഹൂദനും പരദേശിയും ആയതിനാൽ കണ്ണ് ചൂഴ്ന്നെടുത്ത് ക്രൂശിക്കപ്പെടുവാൻ അവൻ വിധിക്കപ്പെട്ടു. ഈ ഭയാനകമായ മരണം മുന്നിൽ കണ്ടുകൊണ്ട്, അവന്റെ പരിശോധന സമയത്ത് യേശുവിനെ തള്ളിപ്പറഞ്ഞു എന്ന അവന്റെ വലിയ പാപം അപ്പൊസ്തലൻ ഓർത്തു. ഒരിക്കൽ ക്രൂശിനെ തീരെ അംഗീകരിക്കാതിരിക്കുന്നവൻ, ഇപ്പോൾ സുവിശേഷത്തിനായി തന്റെ ജീവൻ ത്യജിക്കുന്നതിൽ ആനന്ദം കണ്ടെത്തി. അവന് ഒന്നുമാത്രം തോന്നി. അവന്റെ കർത്താവിനെ തള്ളിപ്പറഞ്ഞ അവന്, അവന്റെ ഗുരു മരിച്ച അതേ രീതിയിൽ മരിക്കാൻ കഴിയുന്നത് ഒരു വലിയ ആദരവായി അവൻ കരുതി. പത്രൊസ് ആത്മാർത്ഥമായി ആ പാപത്തിനുവേണ്ടി അനുതപിക്കുകയും ക്രിസ്തുവിനാൽ ക്ഷമിക്കപ്പെടുകയും ചെയ്തു. അത് അവന്റെ ആടുകളെയും കുഞ്ഞാടുകളെയും മേയ്ക്കാൻ നല്കിയ വലിയ

ദൗത്യത്തിലൂടെ കാണിക്കപ്പെടുന്നു. എന്നാൽ അവന് അവനോട് ഒരിക്കലും ക്ഷമിക്കാൻ കഴിഞ്ഞില്ല.

ആ അവസാന ഭയാനക രംഗത്തിന്റെ യാതനകൾക്കുപോലും അവന്റെ അനുതാപത്തിന്റെയും ദുഃഖത്തിന്റെയും കയ്പ് കുറയ്ക്കുവാൻ കഴിഞ്ഞില്ല. ഒരു അവസാന ആനുകൂല്യം എന്ന നിലയിൽ അവന്റെ തലകീഴായി അവനെ ക്രൂശിൽ തറയ്ക്കണമെന്നു തന്റെ ആരാച്ചാരോടു അവൻ കേണപേക്ഷിച്ചു. ആ അപേക്ഷ സ്വീകരിക്കപ്പെട്ടു. അങ്ങനെ ഈ രീതിയിൽ ആ മഹത്തായ അപ്പൊസ്തലൻ മരിച്ചു." EGW, The Acts of the Apostles. pp. 537,538. എന്നിരുന്നിട്ടുകൂടി, ഈ സാദ്ധ്യത അവന്റെ മുന്നിലുള്ളപ്പോഴും, പത്രൊസിന്റെ ഉത്കണ്ഠ ആട്ടിൻ കൂട്ടത്തിന്റെ ആത്മീയ സൗഖ്യത്തെക്കുറിച്ചായിരുന്നു.

**ചർച്ചാചോദ്യങ്ങൾ:**

1. ക്രിസ്ത്യാനികൾ വിശുദ്ധജീവിതം നയിക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പത്രൊസ് (മറ്റ് ബൈബിൾ എഴുത്തുകാർ) എഴുതിയതിന്റെയെല്ലാം വെളിച്ചത്തിൽ, എന്തുകൊണ്ടാണ് ക്രിസ്തുവിൽ "നാം ആരായിരിക്കുന്നുവോ അതാകു വാൻ" നമ്മിൽ അനേകരും പരാജയപ്പെടുന്നത്?
2. ക്ലാസിൽ 2 പത്രൊസ് 1:5–7ൽ കൊടുത്തിരിക്കുന്ന പട്ടികയിലൂടെ കടന്നുപോകുക. ഓരോന്നിനെക്കുറിച്ചും സംസാരിച്ച് നിങ്ങളോട് തന്നെ ചോദിക്കുക: ഈ സദ്ഗുണങ്ങളെ കൂടുതൽ മെച്ചമായി നമുക്കെങ്ങനെ വെളിവാക്കാൻ കഴിയും. ഇതുതന്നെ ചെയ്യാൻ ആഗ്രഹിക്കുന്ന മറ്റുള്ളവരെ നമുക്കെങ്ങനെ സഹായിക്കുവാൻ കഴിയും?
3. സുവിശേഷങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, നമുക്കു പത്രൊസിനെക്കുറിച്ച് അറിയാവുന്നത് കണക്കിലെടുത്താൽ, അവൻ എഴുതുന്നത് ക്രിസ്തു അവനിൽ ചെയ്ത വലിയ വേലയെ വളരെ ശക്തമായി കാണിക്കുന്നു; അവന്റെ മുൻകാല പരാജയങ്ങൾ ഉണ്ടായിട്ടുകൂടി. അവന്റെ മാതൃകയിൽ നിന്നും എന്ത് ആശ്വാസവും പ്രത്യാശയുമാണ് നമുക്കായി എടുക്കുവാൻ കഴിയുന്നത്?
4. 2 പത്രൊസ് 1:12 ൽ പത്രൊസ് "ലഭിച്ച സത്യ"ത്തെക്കുറിച്ച് എഴുതി. പത്രൊസിന്റെ കാലത്ത് എന്തായിരുന്നു "ലഭിച്ച സത്യം" നമ്മുടെ കാലത്ത് "ലഭിച്ച സത്യം" എന്താണ്?
5. "മരണത്തിനപ്പുറം മരിച്ചവർ" എത്ര ഉറപ്പിലാണ്; ആരോ എഴുതി. "ജീവനുള്ളവർ വഹിച്ചുകൊണ്ട് നടക്കുന്നതാണ് മരണം." നാം ക്രിസ്ത്യാനികൾ, എന്ന നിലയ്ക്ക് മരണം എങ്ങനെ "വഹിക്കണം"?

✪ ✪ ✪ ✪